# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 50      29.06.2016- ൽ മറുപടിക്ക്

### നെയ്ത്ത് മേഖലയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.റോജി.എം.ജോൺ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നെയ്ത്ത് മേഖലയുടെ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻഗവൺമെന്റ് തയ്യാറാക്കിയത്; | (എ) സംസ്ഥാനത്ത് നെയ്ത്ത് മേഖലയുടെ വികസനത്തിന് മുൻഗവൺമെന്റ് തയ്യാറാക്കിയ കർമ്മ പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1) നെയ്ത്തു തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം.<br>2) കൈത്തറി മേഖലയിലും പവർലൂം മേഖലയിലും ഓരോ ഇൻകുബേഷൻ സെന്റർ തുടങ്ങാനുള്ള പദ്ധതി.<br>3) കൈത്തറി മേഖലയിൽ സെൽഫ് എംപ്ലോയ്മെന്റ് സ്കീം.<br>4) കേന്ദ്രസർക്കാരിന്റെ പുനരുദ്ധാരണ പദ്ധതിയായ റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജിന്റെ സഹായം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി നേടാനുദ്ദേശിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) കൈത്തറി മേഖലയുടെ സമഗ്രമായ വികസനമാണ് പ്രസ്തുത പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) പദ്ധതി നടത്തിപ്പുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചത്; വിശദമാക്കുമോ; | (സി) പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നതിലൂടെ തൊഴിലാളികൾക്ക് ദിവസം ആവറേജ് ഉൽപാദനത്തിന് മുകളിലുള്ള ഉൽപാദനത്തിന് കൂലി ഇരട്ടിയായി (മാസം പരമാവധി 4000/- രൂപ വരെ) വർദ്ധിപ്പിച്ച് നൽകുന്നു. ഇത് ഉൽപാദന വർദ്ധനവ് ഉണ്ടാക്കാൻ കഴിയുന്നു. |

വീവിംഗ് മാസ്റ്ററുടെ കീഴിൽ തറികൾ വെച്ച് നെയ്ത്തു ജോലി ചെയ്യുന്ന വീവിംഗ് യൂണിറ്റുകൾക്ക് ഫിക്സഡ് ക്യാപ്പിറ്റലിന്റെ 40% മാർജിൻമണിയായും (പരമാവധി 4 ലക്ഷം രൂപ വരേയും) പ്രവർത്തന മൂലധനത്തിന് 30% (പരമാവധി 1.5 ലക്ഷം രൂപ വരെയും) നൽകി സഹകരണ മേഖലയ്ക്ക് പുറത്ത് വ്യക്തിഗത കൈത്തറി യൂണിറ്റ് ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 86 യൂണിറ്റുകൾക്ക് 169 ലക്ഷം രൂപ സഹായം നൽകുകയുണ്ടായി.

ഹാന്റ്ലൂം ബിസിനസ്സ് ഇൻകുബേഷൻ സെന്റർ ബാലരാമപുരത്തും പവർലൂം ബിസിനസ്സ് ഇൻകുബേഷൻ സെന്റർ നെയ്യാറ്റിൻകരയിലും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഉദ്ഘാടനം ചെയ്തുവെങ്കിലും പ്രവർത്തനം ഇതേവരെ ആരംഭിച്ചിട്ടില്ല.

| | |
|---|---|
| (ഡി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്? | (ഡി) ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു. |

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കൈത്തറി സെൽഫ് എംപ്ലോയ്മെന്റ് പദ്ധതി പ്രകാരം അപേക്ഷകരെ കണ്ടെത്തി തുക അനുവദിക്കുന്നു.

പ്രൊഡക്ഷൻ ഇൻസെന്റീവ്, ജില്ലാ വ്യവസായ കേന്ദ്രം വഴി കൈത്തറി സഹകരണസംഘങ്ങളിൽ നിന്നുള്ള അപേക്ഷകൾ പരിശോധിച്ച് അർഹതക്കനുസരിച്ച് തുക അനുവദിച്ച് അവരവരുടെ ബാങ്ക് അക്കൗണ്ടിലൂടെയാണ് നൽകി വരുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 785 ലക്ഷം രൂപ ചെലവഴിച്ചു.

കേന്ദ്ര ഗവൺമെന്റിന്റെ റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് (ആർ.ആർ.ആർ പാക്കേജ്) നടപ്പിലാക്കിയിട്ടുണ്ട്. അതു പ്രകാരം സംഘങ്ങൾക്കുള്ള ബാധ്യത 100% ലോണും പലിശയുടെ 25%വും എഴുതി തള്ളിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ